പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 3400

20.6.2018 ൽ
മറുപടിക്ക്

## കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലേക്ക് സൃഷ്ടിച്ച വിവിധ തസ്തികകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഇ.പി. ജയരാജൻ | | പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| എ) | ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ 24/07/2017-ലെ സ.ഉ.(കൈ)/17/2017/പ്രകാരം കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലേക്ക് സൃഷ്ടിച്ച വിവിധ തസ്തികകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | എ) | കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ മൂന്ന് ബഞ്ചുകളിലേയ്ക്കായി 37 പുതിയ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് 24.07.2017-ലെ സ.ഉ.(കൈ)നം.17/2017/ഉ.ഭ.പ.വ. പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ നിയമനം PSC മുഖേന നടപ്പിലാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്ന 2017 ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റിന് 8.2.2018 മുതൽ പ്രാബല്യ തീയതി നിശ്ചയിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) | പ്രസ്തുത ഉത്തരവ് പ്രകാരം സൃഷ്ടിച്ചിട്ടുള്ള ഒൻപത് അസിസ്റ്റന്റ് തസ്തികകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്നും നിലവിലുള്ള സെക്രട്ടറിയേറ്റ് അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തണമെന്നുമുള്ള റാങ്ക് ഹോൾഡേഴ്സിന്റെ നിവേദനം ലഭിച്ചിട്ടുണ്ടോ; | (ബി) യും (സി) യും | ഇത് സംബന്ധിച്ച നിവേദനം ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) | എങ്കിൽ പ്രസ്തുത നിവേദനപ്രകാരം കൈക്കൊണ്ട നടപടി വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ